# ബൈബിൾ മിഷൻ അംബാസിഡർ

## ജൂബിലി ബൈബിൾ മിഷൻ പ്രോജക്റ്റ്

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജത ജൂബിലി വർഷത്തിൽ ജാതിമത ഭേദ മന്യേ യോഗ്യരായവർക്ക് സൗജന്യമായി ബൈബിൾ വിതരണം ചെയ്യാനായി ഒരു ലക്ഷം രൂപ സംഭാവന ചെയ്യുന്ന വ്യക്തികളെ ജൂബിലി ബൈബിൾ മിഷൻ അംബാസിഡർമാരായി പ്രഖ്യാപിക്കുന്നു. അവർ നല്കുന്ന ഒരു ലക്ഷം രൂപയിൽനിന്ന് 20,000/- രൂപ സ്പോൺസർ ലൈഫ് അംഗത്വത്തിനായും, ശേഷം 80,000/- രൂപ സൗജന്യ ബൈബിൾ വിതരണത്തിനായും ചെലവഴിക്കുന്നു. ജൂബിലി ബൈബിൾ അംബാസിഡർമാരായി മുന്നോട്ടു വരുന്നവർക്ക് പ്രത്യേക ജൂബിലി സർട്ടിഫിക്കറ്റ് സമ്മാനിക്കുന്നതായിരിക്കും. ദൈവവചനം ജനങ്ങളിൽ എത്തിക്കുകയെന്ന മഹനീയ ദൗത്യത്തിൽ പങ്കുചേരുന്നവരാണ് ബൈബിൾ അമ്പാസഡർമാർ. ദൈവകൃപ സമൃദ്ധമായി വർഷിക്കപ്പെടുന്ന സംരംഭമാണിത്.

അംബാസിഡർമാരുടെ സംഭാവനകൾ ബൈബിൾ വിതരണത്തിനായാണ് ചെലവഴിക്കപ്പെടുന്നത്. അംബാസിഡർമാർക്ക് ബൈബിൾ വിതരണത്തിലും പങ്കാളിത്തം ഉണ്ടാകും. ആവശ്യമെങ്കിൽ നേരിട്ട് വിതരണം ചെയ്യാനായി അവർക്ക് 200 ബൈബിളുകൾ ലഭിക്കുന്നതാണ്. രൂപതകളിൽ സൗജന്യമായി വിതരണം ചെയ്യുന്നതിനായി ഈ ബൈബിളുകൾ നല്കുന്നതാണ്. ആശുപത്രികൾ, കോളനികൾ, നൊവേനകേന്ദ്രങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ എന്നിവയോടനുബന്ധിച്ച് ശുശ്രൂഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് ഇവിടങ്ങളിലെ രോഗികൾ, ഭക്തർ, ദരിദ്രർ, അക്രൈസ്തവർ എന്നിവരോട് ക്രിസ്തുവിനെ പ്രഘോഷിക്കുകയും ആവശ്യമുണ്ടെങ്കിൽ അവർക്ക് ബൈബിൾ നല്കുകയും ചെയ്യാവുന്നതാണ്. ജീസസ് ഫ്രറ്റേണിറ്റി വഴി ജയിലുകളിലും, കത്തോലിക്കാ സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലും കത്തോലിക്കാ സംഘടനകളിലൂടെയും, പ്രാർത്ഥനാ കൂട്ടായ്മകളിലൂടെയും ബൈബിൾ നല്കാവുന്നതാണ്.

## ബൈബിൾ അമ്പാസഡർമാർ:

1. **O T Alexander**
2. **Jessy Jose**
3. **Antony P Kurian**
4. **Johnson Kanjirathingal**
5. **Elvis Kottooran**
6. **Dr. Rex Thomas**
7. **Mary M P**
8. **Sajeev Sebastian**
9. **Mathew Paul T**
10. **Julius Ruben**
11. **Thomas Philip**
12. **Tejus Philip**